

# പാറക്കടവ് ലിറ്റിൽ ഫ്ളവർ ഇടവക

ഇരിങ്ങാലക്കുട രൂപതയുടെ തെക്ക് കിഴക്ക് അതിർത്തിയിൽ ചാലക്കുടിപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഇടവകയാണ് പാറക്കടവ്. 1967 മെയ് മാസത്തിൽ ശ്രീ. തെക്കേക്കുന്നേൽ ജോസഫ് മാത്യുവിന്റെ വസതിയിൽ വച്ച് കൂടിയ യോഗത്തിൽ പാറക്കടവിൽ ഒരു ദേവാലയം പണിയുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനിച്ചു. 1976 ആഗസ്റ്റ് മാസം 8-ാം തിയ്യതി നടന്ന യോഗത്തിൽ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുവാൻ 9 പേരടങ്ങുന്ന ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തു. ബഹു. ആന്റണി ചിറയത്ത് അച്ചനായിരുന്നു പൂവ്വത്തുശ്ശേരി വികാരി. ഈ കമ്മിറ്റി നിലവിൽ വന്ന ശേഷം 15.8.1976- ൽ 30 സെന്റ് സ്ഥലം ശ്രീ. കാച്ചപ്പിള്ളി ചാക്കുര്യ ഔസേപ്പിൽ നിന്ന് വാങ്ങുകയും ദേവാലയം പണികഴിപ്പിക്കുന്നതിനായുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

## പള്ളി, ഇടവക

17.3.1977-ൽ ഇടവകാംഗമായ ബഹു. മോൺ. ജി.ടി. തെക്കേക്കര അച്ചൻ വി. കൊച്ചുത്രേസ്യായുടെ നാമധേയത്തിലുള്ള ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായപ്പോൾ രൂപതാദ്ധ്യക്ഷനായ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ ദേവാലയനിർമ്മാണം ത്വരിതഗതിയിലായി. ബഹു. ഫാ. തോമസ് പഞ്ഞിക്കാരൻ വികാരിയായിരിക്കെ 31.12.1979-ൽ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ദേവാലയത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു. അതോടൊപ്പം സിമിത്തേരിയും വെഞ്ചിരിച്ചു. തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം പിതാവും പാലക്കാട് മെത്രാൻ മാർ ജോസഫ് ഇരിമ്പൻ പിതാവും പങ്കെടുത്തിരുന്നു. പാറക്കടവ് കുരിശുപള്ളി ഇടവകയായത് 1.1.1981-ൽ ആണ്. റവ. ഫാ. തോമസ് പഞ്ഞിക്കാരൻ ആയിരുന്നു പ്രഥമ വികാരി.

പള്ളിക്കുവേണ്ടി ഒരേക്കർ സ്ഥലം സംഭാവന നല്കുകയും പിന്നീട് 55 സെന്റ് സ്ഥലം കൂടി അനുവദിച്ചുതരികയും ചെയ്ത പരേതനായ ശ്രീ. തെക്കേക്കുന്നേൽ ജോസഫ് മാത്യുവിനെ ഇടവകക്കാർ പ്രാർത്ഥനയോടെ ഓർക്കുന്നു. ദേവാലയത്തിന്റെ

മുമ്പിൽ സ്ഥാപിച്ചിട്ടുള്ള വി. കൊച്ചുത്രേസ്യായുടെ കുരിശടി മോൺ. ജി.ടി. തെക്കേക്കരയച്ചൻ പണി കഴിപ്പിച്ച് നല്കിയിട്ടുള്ളതാണ്. സാമൂഹ്യസേവനം ലക്ഷ്യംവച്ച് ബഹു. അച്ചൻ വാങ്ങിയ 10 സെന്റ് സ്ഥലവും പാറക്കടവിലെ പൂർവ്വികരായി വാങ്ങി യിട്ടുള്ള 5 സെന്റ് സ്ഥലവും കൂടി ഇന്ന് പള്ളിയുടെ കൈവശമുണ്ട്. ഈ ദേവാലയത്തിന്റെ തെക്ക് കിഴക്ക് ഭാഗത്ത് ആധുനിക രീതിയിൽ പണികഴിപ്പിച്ച 32 കല്ലറകൾ ഉൾക്കൊള്ളുന്ന ഒരു സിമിത്തേരി സ്ഥിതി ചെയ്യുന്നു.

## മതബോധനഹാൾ, വൈദികമന്ദിരം



മതബോധന ഹാൾ & വൈദികമന്ദിരം

കുടുംബങ്ങൾ തമ്മിലുള്ള ഐക്യവും സഹകരണവും ലക്ഷ്യംവച്ച് ഇടവകയുടെ കൂട്ടായപ്രവർത്തനത്തിനായി 1982 മെയ് 23-ാം തിയ്യതി ഇടവകയിലെ കുടുംബങ്ങളെ രണ്ടു യൂണിറ്റുകളായി തിരിച്ചു. ഒന്ന്, സെന്റ് ജോസഫ് യൂണിറ്റ്, രണ്ട്, ലിറ്റിൽ ഫ്ളവർ യൂണിറ്റ്. ഇപ്പോൾ പുനർവിഭജിച്ച് 4 യൂണിറ്റായി - മൂന്നാമത്തെ സെന്റ് മേരീസ് യൂണിറ്റ്, നാലാമത്തെ സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്. 141 കുടുംബങ്ങളാണ് ഇപ്പോൾ ഈ ഇടവകയിലുള്ളത്.

മതബോധനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഇടവകക്കാരുടെ സഹകരണത്തോടെ 1985-ൽ ഒരു ഹാൾ പണിതു. 1995-ൽ ഒരു കെട്ടിടം പണിയുകയും 18.3.2003-ൽ അതിന്റെ മുകളിൽ ഒരു നിലകൂടി പണിത് അതിൽ ഒരു വൈദികന് താമസിക്കുന്നതിനുള്ള സൗകര്യം ഒരുക്കുകയും ചെയ്തു. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ 90 കുട്ടികൾ ഇവിടെ വേദപാഠം പഠിച്ചുവരുന്നു.

## ലാസലെറ്റ് ഭവൻ

ബഹു. കർമ്മലീത്താ സന്യാസിനികൾ അവരുടെ നിലവിൽ ഉണ്ടായിരുന്ന സ്ഥാപനം 1990-ൽ ലാസലെറ്റ് മിഷനറീസിന് കൈമാറുകയും ആ തുക പള്ളിയുടെ പേരിൽ നിക്ഷേപിക്കുകയും ചെയ്തു. ഇന്ന് അവിടെ ലാസലെറ്റ് ഭവൻ എന്ന പേരിൽ ഒരു സെമിനാരി നടത്തി വരുന്നു. അവിടെയുള്ള അനുദിന ദിവ്യബലിയും ബഹു. വൈദികരുടെ സേവനവും വൈദിക വിദ്യാർത്ഥികളുടെ പ്രാർത്ഥനയും കൂട്ടായ്മയും ഈ ഇടവകയെ കൂടുതൽ ആദ്ധ്യാത്മികതയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു.



ലാ സലേറ്റ് ഭവൻ

## കപ്പേളകൾ

പള്ളിക്ക് സമീപം വി. കൊച്ചുത്രേസ്യയുടെ കപ്പേള സ്ഥിതിചെയ്യുന്നു. കൂടാതെ, പാറക്കടവ് ജംഗ്ഷനോടടുത്ത് സെന്റ് ജോസഫ് യൂണിറ്റിൽ വി. യൗസേപ്പിതാവിന്റെ നാമധേയത്തിൽ പണി തീർത്ത കപ്പേള മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 1999 ജനുവരി 9-ന് വെഞ്ചിരിച്ചു.



ലിറ്റിൽ ഫ്ളവർ കപ്പേള



സെന്റ് ജോസഫ് കപ്പേള